കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

നം.ജെ2/217/18/പൊവിവ

തിരുവനന്തപുരം, തീയതി 19-11-2018

## സർക്കുലർ

വിഷയം:- പൊവിവ- യു.പി.എസ്.റ്റി തസ്തികയിൽ സംരക്ഷണത്തിന് അർഹതയുള്ള അദ്ധ്യാപകന് നിയമാനുസൃതം പ്രമോഷൻ ലഭിച്ച എച്ച്.എസ്.റ്റി തസ്തികയിൽ സംരക്ഷണം - സംബന്ധിച്ച്.

സൂചന:- ജി.ഒ (പി) നം. 29/16/പൊവിവ തീയതി 29-1-2016.

സൂചന സർക്കാർ ഉത്തരവ് പ്രകാരം 2015-16 മുതലുള്ള നിയമനങ്ങൾക്ക് സംരക്ഷണം അനുവദിക്കില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും നേരത്തേ, അതായത് 2015-16 ന മുമ്പ് താഴത്തെ തസ്തികയിൽ നിയമനാംഗീകാരം നേടിയ ശേഷം, പിന്നീട് അതായത് 2015-16 ന ശേഷം പ്രമോഷൻ ലഭിക്കുന്നവർക്ക് പുതിയ തസ്തികയിൽ സംരക്ഷണമില്ലെന്നോ ഉണ്ടെന്നോ ഈ ഉത്തരവിൽ പരാമർശിക്കുന്നില്ല.

റൂൾ 43 പ്രകാരമുള്ള പ്രമോഷൻ, കെ.ഇ.ആർ പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി അവകാശമാണ്. ആ അവകാശം സിദ്ധിക്കുന്നതിലൂടെ സംരക്ഷണത്തിനുള്ള അവകാശം നിഷേധിക്കപ്പെടുന്നത് ശരിയല്ല. അതുകൊണ്ടു തന്നെ യു.പി.എസ്.റ്റി തസ്തികയിൽ സംരക്ഷണത്തിനർഹതയുണ്ടായി രുന്ന ഒരദ്ധ്യാപകൻ നിയമാനുസൃതം പ്രമോഷൻ ലഭിച്ച് എച്ച്.എസ്.റ്റി ആയെന്നതുകൊണ്ട് (2015-16 ന ശേഷമായാലും) ടിയാന് എച്ച്.എസ്.റ്റി തസ്തികയിൽ സംരക്ഷണം ലഭിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.വി. മോഹൻകുമാർ**

സ്പെഷ്യൽ സെക്രട്ടറി

(സെക്രട്ടറി ഇൻ ചാർജ്)

സ്വീകർത്താക്കൾ :

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പബ്ളിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ/പ്രസ് റിലീസ്) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ